## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ: അനുപമ.ടി.വി ഐഎഎസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ്- വനിത ശിശുക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണം- മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ.(പി) നം.29/2021/ധന. തീയതി.11-2-2021

2. സ.ഉ.(സാധാ) നം.312/2021/സാ.നീ.വ. തീയതി.17-5-2021

3. ഈ കാര്യാലയത്തിലെ 20-5-2021, 28-5-2021 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.

4. ഈ കാര്യാലയത്തിലെ 14-6-2021 ലെ PC1/7301/2021 (1), (2), (3) നമ്പർ ഉത്തരവുകൾ.

5. ഈ കാര്യാലയത്തിലെ 16-11-2021, 23-11-2021, 9-12-2021 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

6. കോട്ടയം മഹിളാമന്ദിരം സൂപ്രണ്ടിന്റെ 16-12-2021 ലെ MMK 16/2021 നമ്പർ കത്ത്

7. കൊല്ലം മഹിളാമന്ദിരം സൂപ്രണ്ടിന്റെ 30-12-2021 ലെ MMK No.79/2020 നമ്പർ കത്ത്

ഉത്തരവ് നമ്പർ.PC1/7301/2021 തീയതി: 7-1-2022

---

വനിത ശിശു വികസന വകുപ്പിന് കീഴിലെ ക്ഷേമസ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021-22 സാമ്പത്തിക വർഷം വേതനം നൽകുന്നതിനായി 95,41,800/-രൂപ പരാമർശം (2) പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2021 മാർച്ച് മുതൽ 2021 സെപ്റ്റംബർ മാസം വരെയുള്ള വേതനം പരാമർശം (3), (4) പ്രകാരം മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2021 മാർച്ച് മുതൽ 2021 സെപ്റ്റംബർ വരെ അനുവദിച്ച് നൽകിയ തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ക്ഷേമ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ച ക്ഷേമ സ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതനം

പരാമർശം (5) പ്രകാരം അനുവദിച്ച് നൽകുകയുണ്ടായി. നിലവിൽ പരാമർശം (6), (7) പ്രകാരം കോട്ടയം, കൊല്ലം മഹിളാമന്ദിരം സൂപ്രണ്ടുമാർ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കോട്ടയം, കൊല്ലം മഹിളാമന്ദിരങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതനം നൽകുന്നതിന് ആവശ്യമായ 1,82,250/- രൂപ (ഒരു ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഇരുന്നൂറ്റിഅൻപത് രൂപ മാത്രം) ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം എ പ്രകാരം ബന്ധപ്പെട്ട ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം 2235-02-001-89(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അനുബന്ധം ബി പ്രകാരം പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ പ്രവർത്തി ദിവസങ്ങൾക്കനുസൃതമായി തുക അനുവദിച്ച് നൽകേണ്ടതും പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യ പത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

ജില്ല വനിത ശിശുവികസന ഓഫീസർ,
കൊല്ലം, കോട്ടയം

ബന്ധപ്പെട്ട ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്ക്

പകർപ്പ്:-1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നല്കുന്നതിലേക്കായി)
2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
Jayakumar
സൂപ്രണ്ട്

| അനുബന്ധം A | | |
|---|---|---|
| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക (രൂപ ) |
| 1 | കൊല്ലം | 91,125 |
| 2 | കോട്ടയം | 91,125 |
| ആകെ | | 1,82,250 |

| അനുബന്ധം B | | | | | | |
|---|---|---|---|---|---|---|
| ജില്ല | സ്ഥാപനം | MTCP മാരുടെ എണ്ണം | 2021 മാർച്ച് മുതൽ 2021 സെപ്റ്റംബർ വരെ അനുവദിച്ച തുക | സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക | 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെ അനുവദിക്കേണ്ട തുക | 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെ അനുവദിക്കുന്ന തുക (6-5) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| കൊല്ലം | ഗവ.മഹിളാ മന്ദിരം ,കൊല്ലം | 1 | 127575 | 0 | 91125 | 91125 |
| കോട്ടയം | ഗവ.മഹിളാ മന്ദിരം , കോട്ടയം | 1 | 127575 | 0 | 91125 | 91125 |
| ആകെ | | 2 | 255150 | 0 | 182250 | 182250 |